"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ ശ്രീ. കെ.ജി.തിലകന് എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധികചുമതല നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1513/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/07/2019

പരാമർശം:- 1 ശ്രീ. ടി.വി. ബാബു സമർപ്പിച്ച 03.07.2019-ലെ നിവേദനം.

2 എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.07.2019-ലെ ഡിപി2-3016/16 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലാ പഞ്ചായത്തിലെ സെക്രട്ടറി തസ്തിക 30.06.2018 മുതൽ ഒഴിവ് വന്നതിനാൽ ഫിനാൻസ് ഓഫീസറായ ശ്രീ. ടി.വി. ബാബു സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചുവരികയാണെന്നും ശ്രീ. ടി.വി. ബാബു അസുഖ ബാധിതനായതിനാൽ അദ്ദേഹത്തെ സെക്രട്ടറിയുടെ അധിക ചുമതലയിൽ നിന്നും ഒഴിവാക്കി പകരം എറണാകുളം ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ ശ്രീ. കെ.ജി. തിലകന് അധികചുമതല നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും എറണകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിയും എറണാകുളം ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസറുമായ ശ്രീ. ടി.വി. ബാബുവിന്റെ അസുഖം കണക്കിലെടുത്ത് ശ്രീ. ടി.വി. ബാബുവിനെ എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതലയിൽ നിന്നും ഒഴിവാക്കി പകരം ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ എറണാകുളം ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ ശ്രീ. കെ.ജി. തിലകന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

1. ശ്രീ. കെ.ജി. തിലകൻ, പ്രോജക്ട് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്, എറണാകുളം
2. ശ്രീ. ടി.വി. ബാബു, ഫിനാൻസ് ഓഫീസർ, ജില്ലാ പഞ്ചായത്ത് എറണാകുളം

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, എറണാകുളം
6. ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ